ശ്രീ. മാലേത്തുഗോപിനാഥപിള്ള: കോൺഗ്രസിന്റെ ഭൂപരിഷ്കാരങ്ങളെ നടപ്പാക്കിയാൽ കമ്മ്യൂണിസ്റ്റുപാർട്ടി തികച്ചും സംതൃപ്തമാകുമോ? വേറെ എന്തെങ്കിലും പരിപാടിയുണ്ടോ?

ശ്രീ. കെ. ഭാർഗ്ഗവൻ: കമ്മ്യൂണിസ്റ്റുപാർട്ടിയുടെ എതെല്ലാം പരിപാടികളാണെന്നു അറിയേണ്ടതു?

ശ്രീ. മാലേത്തുഗോപിനാഥപിള്ള: എന്റെ സ്നേഹിതൻ പറഞ്ഞതു് കോൺഗ്രസിന്റെ പരിപാടികളെ നടപ്പാക്കാമെങ്കിൽ ഞങ്ങൾക്കു കേസില്ലാ എന്നാണു്. കോൺഗ്രസ്പാർട്ടിയുടെ പരിപാടികളെ നടപ്പാക്കിയാൽ പിന്നെ കമ്മ്യൂണിസ്റ്റുപാർട്ടിക്കു കേസില്ലേ?

ശ്രീ. കെ. ഭാർഗ്ഗവൻ: പ്ലാനിംഗ് കമ്മിഷന്റെ ഭൂനയം സംബന്ധിച്ചുള്ള നിർദ്ദേശവും കോൺഗ്രസ്പാർട്ടി അംഗീകരിച്ച പരിപാടിയും നടപ്പാക്കിയാൽ മതി.

ശ്രീ. കെ. അനിരുദ്ധൻ: ഈ കോൺഗ്രസിന്റെ ഭൂനയപരിപാടി നടപ്പാക്കുന്നതിനെതിരായി കോൺഗ്രസ്പാർട്ടിക്കകത്തുതന്നെ പ്രത്യേകിച്ചും സ്വതന്ത്രപാർട്ടിയുടെ അഭിപ്രായഗതികളും ഉള്ള ആളുകളും ഉണ്ടെന്നറിയാമോ? അതുകൊണ്ടു കോൺഗ്രസിന്റെ പരിപാടി നടപ്പാക്കാൻ കഴിയുന്നില്ലാ എന്നുള്ളതല്ലേ ഇന്നത്തെ പ്രധാനവിഷമം?

ശ്രീ. കെ. ഭാർഗ്ഗവൻ: കോൺഗ്രസിൽതന്നെ റൈറ്റിസ്റ്റുകളും, ലെഫ്റ്റിസ്റ്റുകളും കൂടാതെ ഇപ്പോൾ സെൻട്രലിസ്റ്റുകളും ഉണ്ടു്. അങ്ങനെ റൈറ്റിസ്റ്റുകളുടെ എന്തു പരിപാടിയുണ്ടെങ്കിലും ലെഫ്റ്റിസ്റ്റുകളുടെ എന്തു പരിപാടിയുണ്ടെങ്കിലും ഭൂനയപരിഷ്കരണംസംബന്ധിച്ചു ഒരു പരിപാടിയും നടപ്പാക്കാൻ കോൺഗ്രസിന്റെ താക്കോൽ സ്ഥാനങ്ങളിലിരിക്കുന്നവർ എല്ലാം എതിരാണു്. അവരാണു് ഗവണ്മെന്റിനെ നിയന്ത്രിക്കുന്നതു്. കോൺഗ്രസിന്റെ ഭൂനയപരിപാടികളെ നടപ്പാക്കാൻ സാധിക്കാതെയിരിക്കുന്നതു് കോൺഗ്രസിന്റെ ഒരു വിഭാഗത്തിന്റെ എതിർപ്പുകൊണ്ടാണു്.

ശ്രീ. മാലേത്തുഗോപിനാഥപിള്ള: ഭൂമി നാഷണലൈസ് ചെയ്യണമെന്നുള്ള കമ്മ്യൂണിസ്റ്റുപാർട്ടിയുടെ തത്വത്തിൽനിന്നു എന്റെ സ്നേഹിതൻ മിസ്റ്റർ ഭാർഗ്ഗവൻ പുറകോട്ടു പോകുകയാണെന്നറിയാമോ?

ശ്രീ. കെ. ഭാർഗ്ഗവൻ: ശ്രീമാൻ ഗോപിക്കു കമ്മ്യൂണിസ്റ്റുപാർട്ടിയെപ്പറ്റിയും അറിവില്ല, സ്വതന്ത്രപാർട്ടിയെപ്പറ്റിയും അറിവില്ല. ഭൂമി നാഷണലൈസ് ചെയ്യുകയല്ല കമ്മ്യൂണിസ്റ്റുപാർട്ടി ചെയ്തിട്ടുള്ളതു്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: ഭൂമിയെസംബന്ധിച്ചിടത്തോളം പ്രൈവറ്റു ഉടമ നിറുത്തലാക്കണം എന്നു ഇൻഡ്യൻകമ്മ്യൂണിസ്റ്റുപാർട്ടി ആഗ്രഹിക്കുന്നില്ലേ?

ശ്രീ. കെ. ഭാർഗ്ഗവൻ: ഇല്ല, ഇല്ല. ഞാൻ പറയാൻ തുടങ്ങുന്നതു്.

HALF AN HOUR DISCUSSION UNDER RULE 48

Reorganisation of Education in the State

Deputy Speaker: Order, order, we will now pass on to the next item in the agenda Discussion. Shri T. C. Narayanan Nambiar has given notice to raise a discussion on a matter of public
12 noon.] importance arising out of answers to Starred Question No. 18 (1972) dated 4th November 1963 regarding re-organisation of Education.

LIBRARY ARCHIVES Kerala Legislative Assembly

Shri C. M. Kutty : Madam, on a point of order.

In Rule 48 of the Rules of Procedure and Conduct of Business in the Kerala Legislative Assembly, it is stated that "(3) The Speaker may allot any day instead of Monday or Wednesday if such a course is, in his opinion, necessary or convenient. But there shall be no such discussion on Friday and (4) A member wishing to raise discu sion on such a matter is shall give notice in writing to the Secretary two clear days before the day on which the matter is desired to be raised, and shall briefly specify the point or points that he wishes to raise". Here it is specifically stated that there shall be no such discussion on Friday. So let me know whether it is in order.

Deputy Speaker : That Rule has been suspended.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : വിദ്യാഭ്യാസ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പൊതുവിൽ രാജ്യത്തിന്റെ ഇന്നത്തെ സ്ഥിതിക്കു് അനുയോജ്യമായരീതിയിൽ ഒരു സമ്പ്രദായം വാർത്തെടുക്കുന്നതിനുള്ള നടപടി കൾ നടപ്പിലാക്കാൻ ശ്രമിക്കുമ്പോഴെല്ലാം പല തടസ്സങ്ങളും വന്നുകൊണ്ടിരി ക്കുന്നുവെന്നുള്ളതിനു് ഒന്നാംതരം തെളിവാണു് ഇപ്പോഴും കണ്ടതു്. കഴിഞ്ഞ നാലാംതീയതി 1982–ാംനമ്പരായി പ്രാഥമിക വിദ്യാഭ്യാസ ഘട്ടംമുതൽ സർവകലാശാല വിദ്യാഭ്യാസംഘട്ടംവരെയുള്ള കാര്യങ്ങളും പുനഃസംഘടന നട ത്തുന്നതിനുള്ള വല്ല പദ്ധതിയും ഗവണ്മെന്റിന്റെ ദൃഷ്ടിയിലുണ്ടോഎന്നു ചോദി ച്ചതിനു് ത്രിവത്സര ഡിഗ്രികോഴ്സും, പ്രീയൂണിവേഴ്സിറ്റികോഴ്സും സംബന്ധിച്ചു സർവ്വകലാശാല പരിഗണിക്കുന്നുണ്ടെന്നും പൊതുവിൽ വിദ്യാ ഭ്യാസത്തെ സംബന്ധിച്ചിടത്തോളം 'Steps that should be taken for improving the standard in the school education are also generally under the consideration of the Government'. എന്നും മറുപടി പറഞ്ഞിട്ടുണ്ടു്. പ്രൈമറി വിദ്യാഭ്യാസംഘട്ടം ഉടനടി 11 വർഷം സെക്കൻഡറി എഡ്യൂക്കേഷൻ നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ടോ എന്നു ചോദിച്ചതിനു ഇപ്പോഴും ഇല്ലെന്നും ഗവണ്മെന്റു് വ്യക്തമാക്കിയിട്ടുണ്ടു്. ഇതിൽനിന്നും ചില പ്രധാന പ്രശ്നങ്ങൾ ഉത്ഭവിക്കുന്നുണ്ടു്. ഞാൻ ഇപ്പോഴും ഇവിടെ വരുന്നതിനുമുൻപു് സർവ്വകലാ ശാല സെനറ്റുയോഗത്തിൽ പങ്കെടുക്കുകയായിരുന്നു. വളരെ തീവ്രതരമായ വാദപ്രതിവാദങ്ങളും ഇതേവിഷയത്തെസംബന്ധിച്ചു് അവിടെ നടന്നുകൊണ്ടി രിക്കുന്നുണ്ടു്. നമ്മുടെ ബഹുമുഖ്യമന്ത്രി നമ്മുടെ സർവ്വകലാശാല പ്രൊചാൻ സലർ കൂടിയാണു്. സർവ്വകലാശാല ഈ വിഷയത്തെ സംബന്ധിച്ചിട ത്തോളം ഒരു തീരുമാനത്തിൽ എത്തിയിട്ടില്ലാതിരിക്കെ, അതിലെ വിദ്യാഭ്യാ സ ധുരന്ധരന്മാരുടെ ഇടയിൽതന്നെ ഗൗരവതരമായ അഭിപ്രായവ്യത്യാസം ഉണ്ടായിരിക്കെ വിദ്യാഭ്യാസമന്ത്രി കൂടിയായ മുഖ്യമന്ത്രി ഇന്നു ഗവണ്മെന്റു് ഇത്തരത്തിലാണു് ഉദ്ദേശിക്കുന്നതെന്നു പ്രഖ്യാപിച്ചതിനെ തുടർന്നു് വാസ്തവ ത്തിൽ ഒരു വലിയ കോളിളക്കംതന്നെ ഈ നാട്ടിൽ ഉണ്ടായിരിക്കുകയാണു്. നമ്മുടെ നാട്ടിന്റെ ഭാവിയെ സ്പർശിക്കുന്ന ഒരു കാര്യമാണിതു്. ദൂരവ്യാപകമായ ഫലം ഉണ്ടാകാൻ പോകുന്നുണ്ടു്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിട ത്തോളം വിദ്യാഭ്യാസകാര്യങ്ങൾക്കുവേണ്ടി ഗണ്യമായ സംഖ്യചിലവഴിക്കുന്നു ണ്ടെങ്കിലും ഉദ്ദേശിച്ച ഫലം ഉണ്ടാകുന്നില്ലെന്നു മാത്രമല്ല പലവിധത്തിലുള്ള കുഴപ്പവും, അരാജകത്വവും, നിസ്സഹായതാബോധവും ഈ നാട്ടിൽ ഉണ്ടാക്കി തീർത്തിരിക്കുകയാണു്. അതുകൊണ്ടു് പൊതുവിൽ നമ്മുടെ രാജ്യത്തെ വിദ്യാ ഭ്യാസത്തിന്റെ സംഘടനതന്നെ ഇന്നത്തെ പ്രഖ്യാപിക്കപ്പെട്ട ആദർശങ്ങൾക്കും ലക്ഷ്യപ്രാപ്തിക്കും അനുയോജ്യമായരീതിയിൽ രൂപവൽക്കരിക്കുന്നതിനു ഇൻഡ്യാഗവണ്മെന്റും പരിശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ടു്. പഴയ സാമ്രാജ്യ ത്തിന്റെ പിൻതുടർച്ചാവകാശമായി വിദ്യാഭ്യാസത്തെ ഇനി വച്ചുപുലർത്താൻ പാടില്ലെന്നും നമ്മുടെ നാട്ടിനു അനുയോജ്യമായ രീതിയിൽ പുനഃസംഘടിപ്പി ക്കണമെന്നും തീരുമാനിച്ചു പല പദ്ധതികളും ആവിഷ്കരിക്കുന്നുണ്ടു്. ഇനി ഒട്ടും തന്നെ താമസിച്ചുകൂടാത്തനിലയിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ദേശീയമാതൃക ഉണ്ടാക്കണമെന്നും. അതിനു സഹായകമായ രീതിയിൽ ഉടൻ ചിലനടപടികളും സ്വീകരിക്കണമെന്നും അഖിലേൻഡ്യാടിസ്ഥാനത്തിൽ തീരുമാനം എടുത്തിരിക്കുകയാണു്. ഇതു പറയുമ്പോൾ നമ്മുടെ ഭരണഘടനയിലെ വകുപ്പുകൾ ഓർക്കാതിരിക്കുന്നില്ല. അഖിലേൻഡ്യാ സമ്മേളനങ്ങളുടെ തീരുമാനങ്ങൾ മാൻഡേറററിയല്ലെങ്കിലും ഇത്തരം കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു മാതൃകാപദ്ധതി ദേശീയപദ്ധതിയെന്ന അടിസ്ഥാനത്തിൽതന്നെ നടപ്പിലാക്കണമെന്നുള്ള തീരുമാനം വന്നിരിക്കുകയാണു്. 1963 ഒക്ടോബർ, നവംബർ മാസങ്ങൾ ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ളതാണു്. 1963 ഒക്ടോബറിൽ അഖിലേൻഡ്യാ സെക്കൻഡറി കൗൺസിൽ ഒരു യോഗം ചേർന്നിരുന്നു. ആ യോഗത്തിൽ വളരെ വ്യക്തമായ ചില തീരുമാനങ്ങൾ എടുക്കുകയുണ്ടായി. 12 വർഷം സെക്കൻഡറി വിദ്യാഭ്യാസം വേണമെന്നും പ്രീയൂണിവേഴ്സിററികോഴ്സു ആവശ്യമില്ലെന്നും ത്രിവത്സരഡിഗ്രികോഴ്സു വേണമെന്നും പൊതുവിൽ അവരുടെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടു്. ഈ ദേശീയമാതൃകാ പദ്ധതി നടപ്പിലാക്കുമ്പോൾ ഇന്നു പത്തുവർഷക്കാലം സെക്കൻഡറി വിദ്യാഭ്യാസ സമ്പ്രദായം നടപ്പിലുള്ള സ്റേറുകളിൽ അടിയന്തിരമായി അതു് 11 വർഷമെങ്കിലും ആക്കണമെന്നു അവർ അഭ്യർത്ഥിച്ചിട്ടുണ്ടു്. മാത്രമല്ല കാഴ്ചപ്പാടു് 12 വർഷമാണെന്നും ഇപ്പോൾ 11 വർഷം ആക്കണമെന്നുമാണു് അവർ അഭ്യർത്ഥിച്ചിട്ടുള്ളതു്. ഈ നവംബറിൽ നടന്ന വിദ്യാഭ്യാസ മന്ത്രിമാരുടെ സമ്മേളനത്തിലും ഈ പ്രശ്നം ചർച്ചയ്ക്കുവന്നിരുന്നു. ഭാരതമെന്നുപറയട്ടെ അടുത്ത സംസ്ഥാനത്തെ മന്ത്രി ശ്രീ. ഭക്തവത്സലം ചെയ്ത പ്രസ്താവനയിൽ ഇപ്പോഴുതന്നെ സെക്കൻഡറി വിദ്യാഭ്യാസഘട്ടം അവിടെ 11 വർഷമാണെന്നു വ്യക്തമാക്കി. നാം മറിച്ചു അഖിലേൻഡ്യാ സെക്കൻഡറി കൗൺസിലിന്റെ അഭ്യർത്ഥനയ്ക്കുശേഷം, വിദ്യാഭ്യാസമന്ത്രിമാരുടെ സമ്മേളനം കഴിഞ്ഞുവന്നപ്പോൾ നമ്മുടെ മുഖ്യമന്ത്രി കഴിഞ്ഞ 11—ാംനു ചെയ്ത പ്രസ്താവനയിൽ നമ്മുടെ സംസ്ഥാനത്തു് ദ്വിവത്സര പ്രീയൂണിവേഴ്സിററി കോഴ്സു് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതായി പറഞ്ഞു. അതുസംബന്ധിച്ചു് അവിടെത്തന്നെ പ്രതിഷേധിച്ചിട്ടുള്ള ഒരു മോഷൻ വന്നിരുന്നു. ഇതുസംബന്ധിച്ചു ഒരു തീരുമാനമെടുക്കുന്നതിനു് സർവ്വകലാശാലാസെനറും, മറു സംഘടനകളും ഉണ്ടെന്നാണു് എനിക്കു പറയാനുള്ളതു്. അങ്ങനെയിരിക്കെ അവരുടെ അഭിപ്രായത്തെ സ്വാധീനിക്കത്തക്കവിധത്തിൽ വ്യക്തമായി ദ്വിവത്സര പ്രീയൂണിവേഴ്സിററികോഴ്സു് ആരംഭിക്കുമെന്നു പറഞ്ഞതു വളരെ അനീതിയാണെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. ഇതുപറയുമ്പോൾ എങ്ങനെ സ്വാധീനിക്കുമെന്നു മുഖ്യമന്ത്രി ചോദിച്ചേക്കാം. എന്നാലും ആ തരത്തിലാണു് വന്നുചേർന്നിരിക്കുന്നതു്. ഈ കാര്യത്തെപ്പററി പറയുമ്പോൾ സാമ്പത്തികമായ പരാധീനതകളും പറഞ്ഞിട്ടു കാര്യമില്ല. ഇന്നത്തെ സ്ഥിതി എന്താണു്? പ്രൈമറി ഘട്ടത്തിൽ അഞ്ചുക്ലാസ്സുകളും, അപ്പർപ്രൈമറി മൂന്നു ക്ലാസ്സുകളും അതിനുശേഷം സെക്കൻഡറി മൂന്നുകൊല്ലവും ഇങ്ങനെ പതിനൊന്നു വർഷക്കാലം വ്യാപിപ്പിക്കുന്ന സെക്കൻഡറി വിദ്യാഭ്യാസം ആയിരിക്കണം വേണ്ടതു്. ഇപ്പോൾ ഒരു വർഷക്കാലം പ്രീയൂണിവേഴ്സിററി കോഴ്സുള്ളിടത്തു് ഹൈസ്കൂൾ കോഴ്സു് ഏർപ്പെടുത്തി തീർച്ചയായും മൂന്നു വർഷ ഡിഗ്രികോഴ്സു് പുരോഗമിപ്പിക്കാൻ സാധിക്കുന്നതാണു്, ഇത്തരം നടപടികളും എടുക്കുന്നില്ല. ഇന്നു പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങളെ കാററിൽ പറത്തിക്കൊണ്ടുള്ള നടപടികളാണു് എടുക്കുന്നതെന്നു പറയാൻ എനിക്കു ഖേദമുണ്ടു്. എഡ്യൂക്കേഷനെ സംബന്ധിച്ചുള്ള ചാപ്പ്റററിൽ പറയുന്നതിങ്ങനെയാണു്.

> 'Education is the most important single factor in achieving rapid economic development and technological progress and creating a social order founded on the value to improve all social justice and equal opportunity'.

അതിനോടൊപ്പംതന്നെ 584—ാം പേജിൽ വേറെ കാര്യം പറയുന്നുണ്ടു്. ഇന്നു ഏററവും വലിയ തിരക്കാണു് വിദ്യാഭ്യാസരംഗത്തു് ഉണ്ടായികൊണ്ടിരിക്കുന്നതെന്നുള്ളതു നേരാണു്. 1965-66 വർഷത്തിൽ സെക്കൻഡറി ഘട്ടത്തിൽ 52 ലക്ഷം വിദ്യാർത്ഥികളാണുള്ളതെങ്കിൽ 1970 ആകുമ്പോൾ 105 ലക്ഷമാകും.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ]

കേരളത്തിൽ നാലാംപദ്ധതിയാകുമ്പോഴേക്കും ഇന്നു 50,000 ആയിരിക്കുന്നതു ഒരു ലക്ഷത്തിൽ അധികമാകാൻ പോകുന്നുണ്ടു്. ഈ വിദ്യാർത്ഥികളുടെ പകുതി പേർക്കെങ്കിലും സ്വയംസമ്പൂർണ്ണമായ വിദ്യാഭ്യാസം നൽകി അവരെ അഡ്വാൻസ്ഡ് ടേറിവു് രംഗങ്ങളിലും, സാങ്കേതികരംഗങ്ങളിലും ഉപയോഗിക്കാൻ കൊള്ളുന്നവരാക്കിതീർത്തു അവരുടെ സഹായം ഗവണ്മെൻറിനു ഉപയോഗപ്രദമാക്കാനുള്ള നടപടിഎടുക്കുന്നുണ്ടോ? ഇല്ല. മഹാത്മാഗാന്ധിയും മറ്റുവിദ്യാഭ്യാസധുരന്ധരന്മാരും എല്ലാംതന്നെ പറഞ്ഞിട്ടുള്ളതും ഇൻഡ്യാഗവണ്മെൻറു പ്രഖ്യാപിച്ചിട്ടുള്ളതുമായ തൊഴിലിനു് പ്രാധാന്യംകൊടുത്തുള്ള വിദ്യാഭ്യാസം ഇന്നുതീരെ നിഷ്കാസനം ചെയ്തിരിക്കുകയാണു്. വിദ്യാലയങ്ങളിൽനിന്നും പുറത്തുവരുന്നവർ തൊഴിലില്ലായ്മയുടെ ചുടലനൃത്തം നടത്താൻ പോകുന്നുവെന്നു മനസ്സിലാക്കേണ്ടതുണ്ടു്. 'In the middle and lower grades of many branches of economic life, in administration, rural development commerce and industry and other profession the required trained men have to be provided after necessary training as products of Secondary' Schools'. ഞാനിതു പ്രത്യേകിച്ചു പറയുന്നതു് വിദ്യാഭ്യാസം സെക്കൻഡറി ഘട്ടത്തിൽ സ്വയം സമ്പൂർണ്ണമാകുമെന്നുള്ളതുകൊണ്ടാണു്. എഡ്യൂക്കേഷനു 12 വർഷമാണു കാഴ്ചപ്പാടു്. ഇവിടെ മൂന്നാം പദ്ധതിയിൽ പതിനൊന്നുവർഷമാക്കുക. ഡൈവേഴ്സിഫൈഡ് കോഴ്സുകളും ഏർപ്പെടുത്തുകയും, സാങ്കേതികവിഷയങ്ങളും പഠിപ്പിക്കുകയും ചെയ്യുക. അപ്പോൾ സ്വയംസമ്പൂർണ്ണമായിരിക്കും. അവർക്കു് എന്തെങ്കിലും ജോലികളിൽ പ്രവേശിക്കാൻ കഴിയും. എല്ലാ ആളുകളും കോളേജിൽ പോകണമെന്നുദ്ദേശിക്കുന്നില്ല. ഇത്തരം പ്രവണതവരാൻ കാരണം സെക്കൻഡറി ഘട്ടം താണതുകൊണ്ടു് അവിടെനിന്നും ഇറങ്ങുന്നവർക്കു് വ്യവസായ കാര്യങ്ങളിലോ, കാർഷികകാര്യങ്ങളിലോ എന്തെങ്കിലും സംഭാവന നൽകുന്നതിനുള്ള പരിശീലനം ലഭിക്കുന്നില്ലെന്നുള്ളതാണു്. ഇവിടെത്തന്നെ പ്രാഥമികഘട്ടംമുതൽ ക്രാഫ്റ്റു് തുടങ്ങിയിരുന്നു. ക്രാഫ്റ്റു അദ്ധ്യാപകന്മാർക്കു് പരിശീലനം പോരെന്നുള്ളതു ഞാനും സമ്മതിക്കാം. പരിശീലനം പോരാത്തതുകൊണ്ടു് അതു വേസ്റ്റാണെന്നുള്ള നിലപാടാണു് എടുത്തതു്. ആറായിരത്തോളം അദ്ധ്യപകരുടെ ജോലിയുടെ പ്രശ്നമല്ല ഞാൻ പറയുന്നതു്. ഇവിടത്തെ ഗവണ്മെൻറു് അടിയന്തിരമായി അക്കാര്യത്തിൽ ചില നടപടികളും എടുത്തേപറ്റൂ എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണു്. ഞാനിവിടെ പറഞ്ഞ അക്ടോബർ നവംബർ മാസത്തിൽ നടന്നിട്ടുള്ള സമ്മേളനങ്ങളിൽ വന്നിട്ടുള്ള അഭിപ്രായങ്ങളുടെവെളിച്ചത്തിൽ ഒരു ദേശീയ മാതൃക എന്നനിലയിൽ വിദ്യാഭ്യാസസമ്പ്രദായം രൂപവല്ക്കരിക്കുന്നതിനുള്ള നടപടി ഈ സംസ്ഥാനവും എടുക്കേണ്ടതുണ്ടു്. അതുകൊണ്ടു് അടുത്തവർഷംതന്നെ 11-ാം ക്ലാസ്സു് നമ്മുടെ സെക്കൻഡറിസ്കൂളുകളിൽ ഏർപ്പെടുത്തേണ്ടതുണ്ടു്. ഡൈവേഴ്സിഫൈഡ് കോഴ്സും മൾട്ടിപർപ്പസ്കോഴ്സും, ഈ രാജ്യത്തുള്ള എല്ലാ വിദ്യാലയങ്ങളിലും ഏർപ്പെടുത്തുന്നതിനു സാധിക്കുകയില്ലെങ്കിൽ സെലക്റ്റഡ് ചെയ്യുന്ന സ്ഥലങ്ങളിലെങ്കിലും അതു് ആരംഭിച്ചു അങ്ങനെ ഈ പദ്ധതിയിലേക്കു് സ്വിച്ചുഓൺ ചെയ്യണമെന്നാണു് ഞാൻ ഉദ്ദേശിക്കുന്നതു്. നമ്മുടെ ബഹുഃവിദ്യാഭ്യാസമന്ത്രി എടുത്ത തീരുമാനത്തിൽ നാടുമുഴുവനും അഭിപ്രായവ്യത്യാസമുണ്ടെന്നാണു് പത്രത്തിൽ വന്നിട്ടുള്ളതു്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കോളേജുകളും, വിദ്യാലയങ്ങളും കച്ചവടസാധനങ്ങളായി അധഃപതിച്ചിട്ടുണ്ടെന്നു പരാതികളും വന്നിട്ടുണ്ടു്. ഇനി പത്തുകൊല്ലം സെക്കൻഡറി എഡ്യൂക്കേഷനും പിന്നെ രണ്ടുവർഷം പ്രീയൂണിവേഴ്സിറ്റി കോഴ്സും ജൂനിയർ കോളേജു് എന്ന ഓമനപ്പേരുകൊടുത്തു പ്രീയൂണിവേഴ്സിറ്റികോഴ്സും പിന്നെ ത്രിവത്സര ഡിഗ്രികോഴ്സും എന്നാണു് ഗവണ്മെൻറുദ്ദേശിക്കുന്നതായി പത്രങ്ങളിൽ വന്നിട്ടുള്ളതു്. ഇതുസംബന്ധിച്ചു് ഇൻഡ്യാഗവണ്മെൻറുതന്നെ പാർലമെൻറുമെമ്പർമാരുടെ ഒരു കമ്മിറ്റിയുണ്ടാക്കിയിരുന്നു. അവർ സംസ്ഥാനഗവണ്മെൻറുകൾക്കും, വിദ്യാഭ്യാസമന്ത്രിമാർക്കും, രാഷ്ട്രീയനേതാക്കന്മാർക്കും പ്രശ്നാവലി അഭിപ്രായത്തിനു്

LIBRARY ARCHIVES Kerala Legislative Assembly

അയച്ചിട്ടുണ്ട്. അതനുസരിച്ചു ഭരണഘടനാപരമായി എന്തെങ്കിലും മാറ്റം ചെയ്യേണ്ടതുണ്ടോ എന്നെല്ലാം ചോദിച്ചിട്ടുണ്ട്, ആ പേപ്പർ എനിക്കും കിട്ടിയിട്ടുണ്ട്. ഈ സ്ഥിതിയിൽ ഇൻഡ്യാഗവണ്മെൻറും, സംസ്ഥാനഗവണ്മെൻറുകളും ആലോചിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ, ഈ വിഷയം വിദ്യാഭ്യാസധുരന്ധരന്മാരുടെ ചർച്ചാവിഷയമായിരിക്കുമ്പോൾ, നമ്മുടെ ഉയന്ന സർവ്വകലാശാലയ്ക്കു ഇനിയും അതുസംബന്ധിച്ചു ഒരു തീരുമാനം എടുക്കാൻ കഴിയാതിരിക്കുമ്പോൾ ഇനിവരുന്ന സ്സ്യംവർഷംമുതൽ ദ്വിവത്സര പ്രീയൂണിവേഴ്സിറ്റി കോഴ്സ് ഏർപ്പെടുത്തുന്നതിനു തീരുമാനിക്കുകയാണെങ്കിൽ അതു് ആത്മഹത്യാപരമായിരിക്കും. അതു നമ്മുടെ സാമാന്യജനങ്ങളെ വളരെ പീഡിപ്പിക്കുകയും, സാമ്പത്തികകഴിവുള്ള ആളുകൾക്കു മാത്രം സർവ്വകലാശാല വിദ്യാഭ്യാസം ലഭിക്കുകയുള്ളു എന്നുള്ള നില വരുത്തുകയും. ചെയ്യും ആ നിലപാടു് മാറ്റണമെന്നാണു് ഞാൻ അഭ്യർത്ഥിക്കുന്നതു്.

ശ്രീ. ആർ. ശങ്കർ : മാഡം, വളരെയേറെ അഭിപ്രായവ്യത്യാസങ്ങൾക്കു് ഇടയുള്ള ഒരു വിഷയമാണു് വിദ്യാഭ്യാസപരിഷ്കാരം. കഴിഞ്ഞ 16 വർഷങ്ങൾക്കിടയിൽ സ്വതന്ത്ര ഇൻഡ്യയിൽ ഒട്ടുവളരെ പരിഷ്കാരങ്ങൾ നടപ്പിൽവരുത്തിയിട്ടുണ്ടു്. വിദ്യാഭ്യാസം ഒരു സംസ്ഥാനവിഷയം ആണെങ്കിലും, ഇൻഡ്യയൊട്ടുക്കു് കഴിവുള്ളിടത്തോളം ഒരു ഐകരൂപ്യം വരുത്താനുള്ള ശ്രമവും ഇതിനിടയിൽ നടന്നിട്ടുണ്ടു്. പക്ഷേ, മൊത്തത്തിൽ ഇതുപോലുള്ള പരീക്ഷണങ്ങളുടെ ഫലം അത്ര വളരെ തൃപ്തികരമല്ല എന്ന അഭിപ്രായം ജനങ്ങളുടെ ഇടയിൽ ഉണ്ടെന്നു് എല്ലാവരും സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ കാര്യത്തെപ്പറ്റി ഇപ്പോഴും അഭിപ്രായം ഇല്ലാത്തവർ ആരുമില്ല. എഴുത്തു പഠിച്ചിട്ടില്ലാത്തവർവരെ ഗംഭീരമായി ഇതിനെപ്പറ്റി അഭിപ്രായ പ്രകടനം നടത്തുന്നുണ്ടു്. അങ്ങനെ വരാവുന്ന അഭിപ്രായ പ്രകടനങ്ങൾക്കു് ഒരർത്ഥവുമില്ലെന്നു പറയുന്നതു ശരിയല്ല. പ്രായോഗികമായി ഇന്നത്തെ വിദ്യാഭ്യാസംകൊണ്ടു് എത്ര പ്രയോജനം ഉണ്ടാകുന്നു എന്നു അറിയാൻ അവർക്കും സാധിക്കും. അതുകൊണ്ടു് ഈ വിഷയത്തിൽ എന്തെങ്കിലും അഭിപ്രായം ആരെങ്കിലും പറഞ്ഞാൽ അതിൽ പരിഭ്രമിച്ചിട്ടു വളരെ കാര്യമുണ്ടെന്നു തോന്നുന്നില്ല. സംസ്ഥാനഗവണ്മെൻറു് ഈ കാര്യത്തിൽ ഇതുവരെ ഒരു അവസാനതീരുമാനം എടുത്തിട്ടില്ല. ഈ കാര്യത്തെപ്പറ്റി അനൗദ്യോഗികമായും അനൗപചാരികമായും ആലോചിക്കുകയും ഒക്കെ ചെയ്തിട്ടുണ്ടു്. അതല്ലാതെ യാതൊരു തീരുമാനവും എടുത്തിട്ടില്ല. ഒരു തീരുമാനം എടുക്കുന്നതിനുമുമ്പു് പരിഗണിക്കേണ്ട പല കാര്യങ്ങളും ഇതിൽ ഉണ്ടു്. ഒന്നാമത്തെ സർവ്വകലാശാലാവിദ്യാഭ്യാസകാര്യത്തിൽ ഒരു തീരുമാനം എടുക്കേണ്ടതു് ഗവണ്മെൻറല്ല, ഗവണ്മെൻറു ഒരു തീരുമാനം എടുക്കുന്നതിനുമുൻപു് സർവ്വകലാശാല ഒരു തീരുമാനം എടുക്കേണ്ടതുണ്ടെന്നുള്ളതിനു സംശയമില്ല. അതുപോലെതന്നെ, ഇൻഡ്യയൊട്ടുക്കു് ഈ വിഷയത്തിലുള്ള ചിന്താഗതി എങ്ങനെയിരിക്കുന്നു എന്നുനോക്കേണ്ടതും ആവശ്യമാണു്. ഇൻഡ്യയിൽതന്നെ പല ഏജൻസികളും ഇതിനെപ്പറ്റി അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ടു്. അതുസംബന്ധിച്ച ഒരു കാൺഫറൻസിൽ സംബന്ധിച്ചശേഷം ഇവിടെ വന്നപ്പോൾ പത്രപ്രതിനിധികളും എന്നോടു ചോദിച്ച ചില ചോദ്യങ്ങൾക്കു് ഞാൻ മറുപടി പറഞ്ഞു. അതുസംബന്ധിച്ചു് ശരിയായ റിപ്പോർട്ടല്ല പ്രസിദ്ധീകരിച്ചുകണ്ടതു്. ഈ കാര്യം സംബന്ധിച്ചു് ഈ ഗവണ്മെൻറു് ഒരു അവസാന തീരുമാനം എടുത്തിട്ടുള്ളതായി ഞാൻ പ്രസ്താവിച്ചിട്ടില്ല. എനിക്കു് വ്യക്തിപരമായ ചില അഭിപ്രായങ്ങളും ഈ കാര്യത്തെ സംബന്ധിച്ചുള്ളതു് അപ്പോൾ പറഞ്ഞു കാണും. അങ്ങനെ വ്യക്തിപരമായ അഭിപ്രായങ്ങളിൽപോലും, ഇതു സംബന്ധിച്ചു് ഒരു അവസാന തീരുമാനം എടുത്തിട്ടുള്ളതായി ഞാൻ പറഞ്ഞിട്ടില്ല. എനിക്കു ഒറ്റ കാര്യത്തിലേ നിർബന്ധമുള്ളു. വളരെയേറെ താൽപര്യം ഈ കാര്യത്തിൽ ഉണ്ടാകാൻ കാരണമുണ്ടു്. സംസ്ഥാനഗവണ്മെൻറിൻറെ റവന്യൂവിൽ, മൂന്നിലൊന്നുഭാഗം ചെലവാക്കുന്ന ഈ ഡിപ്പാർട്ടുമെൻറിൻറെ പ്രവർത്തനഫലമായി യഥാർത്ഥ പ്രയോജനം ജനങ്ങൾക്കു പഠിക്കുന്ന കുട്ടികൾക്കും ഉണ്ടാകണമെന്നുള്ള കാര്യത്തിൽ കൂടെ താൽപര്യവും;

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

നിർബന്ധവും വാസ്തവത്തിൽ ഉണ്ട്. അതല്ലാതെ ഈ കാര്യത്തിൽ ഒരു പിടിവാശിയുമില്ലെന്നു ബഹുമാനപ്പെട്ട നമ്പ്യാരെ അറിയിക്കുകയാണു്. ചീഫ് മിനിസ്റ്റർ വല്ലതും പറഞ്ഞുപോയാൽ, അതു വേറെ ആരുടെയെങ്കിലും അഭിപ്രായ രൂപീകരണത്തിൽ കൈകടത്തൽ ആയിത്തീരുമെന്ന അഭിപ്രായ മുണ്ടെങ്കിൽ, ഇന്നു് എന്തെക്കൊണ്ടു് ഇവിടെ വച്ചു ഒന്നും പറയിക്കാതിരിക്കുകയായിരുന്നു നല്ലതു്. മനപ്പൂർവ്വം ഒന്നും പറയാതിരുന്ന എന്തെക്കൊണ്ടു് എന്തെങ്കിലും പറയിക്കണമെന്നു കരുതിയതുകൊണ്ടു ഞാൻ പറയുകയാണു്. മുഖവുരയായി ഒന്നുകൂടി പറയുകയാണു്, ഇതു സംബന്ധിച്ചു് ഇതുവരെ ഒരു അവസാന തീരുമാനം എടുത്തിട്ടില്ല. ഇതിനെപ്പറ്റി പറയുന്നതൊക്കെ ഒന്നു ഉറച്ചു ചിന്തിക്കുന്നതുപോലെയല്ലാതെ അതിനപ്പുറമൊന്നും കരുതേണ്ട.

മാഡം, അഖിലേൻഡ്യാ സെക്കൻഡറി എഡ്യൂക്കേഷൻ കൗൺസിലിന്റെ തീരുമാനത്തെപ്പറ്റി ശ്രീ. നമ്പ്യാർ ഇവിടെ പറഞ്ഞു. സെക്കൻഡറി എഡ്യൂക്കേഷൻ കൗൺസിൽ എന്ന പേരു കേട്ടാൽ തോന്നും, സെക്കൻഡറി എഡ്യൂക്കേഷൻ സംബന്ധിച്ച കാര്യങ്ങളും മാത്രമേ അവർ ചർച്ചചെയ്യുള്ളു എന്നു്. ഒന്നാംക്ലാസ്സു മുതൽ, കുട്ടികളെ പഠിപ്പിക്കേണ്ട വിഷയങ്ങളും കോളേജു വിദ്യാഭ്യാസത്തിന്റെസ്വഭാവവും, ഇൻറഗ്രേറ്റഡ് കോഴ്സ്തുടങ്ങി പലകാര്യങ്ങളും അവിടെ ചർച്ചാവിഷയമായിട്ടുണ്ടു്. അതിൽ പ്രൈമറി വിഭാഗത്തെപ്പറ്റി ചർച്ചചെയ്തിരുന്നു, സെക്കണ്ടറി വിദ്യാഭ്യാസത്തെപ്പറ്റി ചർച്ച നടന്നിരുന്നു, സ്പെഷ്യൽ ടീച്ചേഴ്സ് ട്രയിനിംഗിനെപ്പറ്റി ചർച്ച നടന്നിരുന്നു; അങ്ങനെ ഭാഗികമായി പല വിദ്യാഭ്യാസ പദ്ധതികളെയും പരാമർശിച്ചായിരുന്ന ചർച്ച നടത്തിയതു്. സെക്കണ്ടറി എഡ്യൂക്കേഷൻ കൗൺസിലിൽ പ്രശസ്തരായ പല ആളുകളും ഉണ്ടായിരുന്നു. അവർ ആലോചിച്ചു് തീരുമാനത്തിലെത്തിയ വിഷയത്തിൽ ഒന്നു് 12 വർഷത്തെ സ്കൂൾ കോഴ്സു വേണമെന്നുള്ളതായിരുന്നു. ഹയർ സെക്കൻഡറി, പ്രീ യൂണിവേഴ്സിറ്റി എന്നിങ്ങനെയുള്ള വാക്കുകളൊന്നും കേട്ടു പരിഭ്രമിച്ചിട്ടു കാര്യമില്ല. 12 കൊല്ലം സ്കൂളിൽ പഠിക്കണം, മൂന്നു കൊല്ലം ഡിഗ്രികോഴ്സും വേണം എന്നു് ഏകദേശം ഒരു തീരുമാനത്തിൽ അവർ എത്തിയതിനുശേഷം, അവരുടെ റിപ്പോർട്ടു മുൻപിൽ വച്ചുകൊണ്ടാണു് അതിനേക്കാളും വ്യാപ്തിയുള്ള, അതിനേക്കാളും അധികാരമുള്ള ഒരു കാൺഫറൻസ് ഈ കാര്യം ചർച്ചചെയ്തതു്. ഇൻഡ്യയിലെ എഡ്യൂക്കേഷൻ മിനിസ്റ്റർമാരും, രണ്ടാമത്തെ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. എഡ്യൂക്കേഷൻ മിനിസ്റ്റേഴ്സിന്റെ കാൺഫ്രൻസായിരുന്നെങ്കിലും, 42 സർവ്വകലാശാലാ വൈസ്ചാൻസലർമാരിൽ മിക്കവാറും എല്ലാവരും തന്നെ അതിൽ സംബന്ധിച്ചിരുന്നു. അതുപോലെതന്നെ വിദ്യാഭ്യാസ വിചക്ഷണന്മാർ പ്രത്യേകം ക്ഷണിക്കപ്പെട്ടിരുന്നവരായി മുപ്പതോളം പേർ ഉണ്ടായിരുന്നു. ഇൻഡ്യാഗവണ്മെൻറിന്റെ വിദ്യാഭ്യാസമന്ത്രിയായിരുന്ന കാൺഫറൻസിൽ ആദ്ധ്യക്ഷ്യം വഹിച്ചതു്. ഈ സംസ്ഥാനത്തെ വിദ്യാഭ്യാസ മന്ത്രി എന്ന നിലയിൽ ഞാനും അതിൽ പങ്കെടുത്തിരുന്നു. അവിടെ ചർച്ചചെയ്തു, അവസാന തീരുമാനത്തിന്റെ സ്വഭാവത്തിലുള്ള വിവരങ്ങളായിരുന്നു ഞാൻ എന്നെ സമീപിച്ച പത്രപ്രതിനിധികളോടു പറഞ്ഞതു്. അതുതന്നെ, അവിടെ ചർച്ച കഴിഞ്ഞു് പൊതുവിൽ അംഗീകരിച്ചതായി അനുമാനിക്കാവുന്ന വിവരങ്ങളായിരുന്നു. അവരോടു പറഞ്ഞ കാര്യം തന്നെ ഞാൻ ഇവിടെ ആവർത്തിക്കുകയാണു്. അവിടെ തീരുമാനിക്കപ്പെട്ട ഒരു കാര്യം, ഡിഗ്രി എടുക്കുന്നതിനു മുൻപു് 15 കൊല്ലത്തെ പഠിത്തം കഴിഞ്ഞിരിക്കണം. മിനിമം 15 കൊല്ലം പഠിച്ചിരിക്കണം ഡിഗ്രിയെടുക്കാൻ എന്നാണു്. ഇവിടെ ഇപ്പോഴും അംഗീകരിച്ചിരിക്കുന്നതു് 14 കൊല്ലമാണു്. ഇൻഡ്യയൊട്ടുക്കു്, മിനിമം 15 കൊല്ലം ഡിഗ്രികോഴ്സിനു് അംഗീകരിക്കുന്നതു ഒരു മാതൃകയാക്കിത്തീർക്കണം എന്ന അഭിപ്രായമാണുണ്ടായതു്. എന്നിട്ടു് അവിടെ പറഞ്ഞതു്, വിദ്യാഭ്യാസം സ്റ്റേറ്റിന്റെ അവകാശത്തിൽപ്പെട്ടതാണു്. ഇതൊരു ശുപാർശയായിട്ടു കരുതിയാൽ മതി എന്നായിരുന്നു. ഈ കാര്യത്തിൽ ആക്ടും അഭിപ്രായവ്യത്യാസം ഉണ്ടായില്ല.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ ഒന്നു്, അവസാനത്തെ ഡിഗ്രി മുന്നു കൊല്ലത്തെ കോഴ്സായിരിക്കണം, 12 കൊല്ലത്തെ കോഴ്സു അതിനു മുൻപുള്ളതു് ഹയർ സെക്കണ്ടറി കോഴ്സായിട്ടാണോ, പ്രീ ഡിഗ്രികോഴ്സായിട്ടാണോ നടത്തേണ്ടതെന്നുള്ളതിനെപ്പറ്റിയും ചർച്ച നടന്നു. ഒരു കാര്യം പരക്കെ സമ്മതിക്കപ്പെട്ടതു്, യൂറോപ്പിലും, മറ്റു രാജ്യങ്ങളിലും 7 വയസ്സു മുതൽ 8 വയസ്സു വരെ പഠിത്തം തുടങ്ങുന്നതിനുള്ള പ്രായമായി കണക്കാക്കിയിട്ടുള്ളതു്, ഇവിടത്തെ സ്ഥിതിക്കു് 5 വയസ്സു കഴിഞ്ഞാൽ കുട്ടികളെ ഒന്നാം സ്റ്റാൻറഡിൽ ചേർക്കാം, 6 വയസ്സു കഴിഞ്ഞാൽ അതു കമ്പൽസറിയാക്കണം എന്നതായിരുന്നു. 5 വയസ്സിൽ പഠിത്തം തുടങ്ങി, 12 വർഷംകൊണ്ടു പ്രീ ഡിഗ്രികോഴ്സു കഴിയുമ്പോഴും, 17 വയസ്സു പ്രായമാകും. 17 വയസ്സു കഴിഞ്ഞിരിക്കണം, കാളേജിൽ പ്രവേശനത്തിനു്. 12 കൊല്ലത്തെ പ്രീ ഡിഗ്രി കോഴ്സിനു രണ്ടു തരത്തിൽ യോഗ്യത ഉണ്ടായിരിക്കണം. ഒന്നു്, ആ പഠിത്തം അവസാനിച്ചാൽ എന്തെങ്കിലും പ്രവർത്തിക്കു് ആവശ്യമുള്ള യോഗ്യതയുണ്ടാകണം, മറ്റൊന്നു്, തുടർന്നു പഠിക്കണമെന്നു് ആഗ്രഹിക്കുന്നവർക്കു് ഡിഗ്രി ക്ലാസ്സിൽ ചേരുന്നതിനുള്ള ഒരു പ്രിപ്പാറട്ടറി കോഴ്സായിരിക്കണം.

പിന്നീടു് പൊതുവിൽ യോജിപ്പുണ്ടായ ഒരഭിപ്രായം, 10 കൊല്ലം തികയുമ്പോഴും, 12 കൊല്ലം തികയുമ്പോഴും ഓരോ പരീക്ഷ ഉണ്ടായിരിക്കണം എന്നുള്ളതാണു്. ഇപ്പോഴത്തെ സ്കൂൾ ഫൈനൽ പരീക്ഷയ്ക്കു് ഏതാണ്ടു തുല്യമായിരിക്കണം, പത്തു കൊല്ലം കഴിഞ്ഞുള്ള പരീക്ഷ. ഇൻഡ്യയിൽ പല സ്ഥലത്തും ഇന്നു പലരീതിയിലാണു് കോഴ്സുകൾ ഏർപ്പെടുത്തിയിട്ടുള്ളതു്. ചില സ്ഥലത്തു്, ഏഴു കൊല്ലത്തെ പ്രൈമറി വിദ്യാഭ്യാസം, മൂന്നു കൊല്ലത്തെ സെക്കണ്ടറി വിദ്യാഭ്യാസം, ഒരു കൊല്ലത്തെ പ്രീ യൂണിവേഴ്സിറ്റി, മൂന്നു കൊല്ലത്തെ ഡിഗ്രി; മറ്റു ചിലയിടത്തു്, ഏഴു കൊല്ലത്തെ പ്രൈമറി, മൂന്നു കൊല്ലത്തെ സെക്കണ്ടറി, ഒരു കൊല്ലത്തെ ഹയർ സെക്കണ്ടറി, അതു കഴിഞ്ഞു് ഡിഗ്രി, വേറെ ചില സ്ഥലങ്ങളിൽ, ഒരു കൊല്ലത്തെ ഹയർ സെക്കണ്ടറി, ഒരു കൊല്ലത്തെ പ്രീയൂണിവേഴ്സിറ്റി, പിന്നെ ഡിഗ്രി, മറ്റു ചില സ്ഥലത്തു്, 8 കൊല്ലത്തെ പ്രൈമറി, 4 കൊല്ലത്തെ സെക്കണ്ടറി, 3 കൊല്ലത്തെ ഡിഗ്രി, പിന്നെ ചിലയിടത്തു്, 11 കൊല്ലം പ്രൈമറിയും, സെക്കണ്ടറിയും, 2 കൊല്ലം ഇൻറഗ്രേറഡു് ഡിഗ്രി, 2 കൊല്ലത്തെ ഡിഗ്രി ഇങ്ങനെ ഇപ്പോഴും വ്യത്യസ്തമായ രീതിയിലാണു് ഇൻഡ്യയിൽ വിദ്യാഭ്യാസ സമ്പ്രദായം തുടരുന്നതു്. നമ്മുടെ വിദ്യാഭ്യാസസംപ്രദായത്തിനു് ഏതാണ്ടൊരു ഏകീകൃത സ്വഭാവം ഇന്നുണ്ടെന്നു ആരും ധരിക്കേണ്ട. ഇതിൽ നിന്നു മനസ്സിലാക്കാവുന്നതു്, ഒരു ഏകീകൃത സ്വഭാവം വിദ്യാഭ്യാസ സംപ്രദായത്തിൽ വരുത്താൻ കുറെ പ്രയാസം നേരിടുമെന്നാണു്. മൊത്തത്തിൽ ഒരു ഐകരൂപ്യം വരുത്താൻ ഓരോ സ്റ്റേറ്റും സ്വതന്ത്രമായി പരിശ്രമിക്കണമെന്നു് അഭിപ്രായമുണ്ടായിട്ടുണ്ടു്. ഇപ്പോഴത്തെ പോളിടെക്കിനിക്കിനു് സാങ്കേതികമായ വിദ്യാഭ്യാസയോഗ്യത സമ്പാദിക്കത്തക്കവിധം പത്തു കൊല്ലം കഴിയുമ്പോഴേക്കും കുട്ടികളെ പ്രാപ്തരാക്കുന്ന വിദ്യാഭ്യാസ സംപ്രദായം ഇവിടെ അംഗീകരിച്ചിട്ടുണ്ടു്. അങ്ങനെ പോളിടെക്കിനിക്കിനു് സാങ്കേതികമായ പരിശീലനം നൽകിയാൽ അവർ അതു കഴിഞ്ഞു് എന്തെങ്കിലും ജോലി അന്വേഷിച്ചു പൊയ്ക്കൊള്ളും. കാളേജിൽ പഠിക്കണമെന്നുള്ളവർ പത്തുകൊല്ലം കഴിഞ്ഞിട്ടു് ഒരു കൊല്ലം പ്രീയൂണിവേഴ്സിറ്റി കോഴ്സിനോ, 2 കൊല്ലം ഇൻറഗ്രേറഡു് ഡിഗ്രി കോഴ്സിനോ പഠിക്കേണ്ടതെന്ന കാര്യത്തിലാണു് വ്യക്തമായ ഒരു തീരുമാനം എടുത്തിട്ടില്ലാത്തതു്. പത്തുകൊല്ലം കഴിഞ്ഞിട്ടു്, 11–ാമത്തെ കൊല്ലം ഹയർ സെക്കണ്ടറി എന്ന പേരിൽ സാങ്കേതികമായി വല്ല പഠനത്തിനും വിനിയോഗിച്ചാൽ അതു വെറും സമയം വേസ്റ്റുചെയ്യുകയായിരിക്കും. ഹയർ സെക്കണ്ടറി എന്ന പേരിൽ ഹൈസ്കൂൾ വിദ്യാഭ്യാസം 11 കൊല്ലമാക്കുന്നതോ ഇപ്പോഴത്തെ പ്രീ യൂണിവേഴ്സിറ്റി കോഴ്സു 2 കൊല്ലമാക്കുന്നതോ ഏതാണു സ്വീകാര്യമെന്നുള്ളതു് അവസാന തീരുമാനത്തിലെത്തിയിട്ടില്ല. ബഹുമാനപ്പെട്ട നമ്പ്യാർ ഡൈവേഴ്സിഫൈഡു് കോഴ്സിനെപ്പറ്റി പരാമർശിക്കുകയുണ്ടായി. അതു പരിപൂർണ്ണ പരാജയമായിരുന്നു. അതിൻറെ കാരണംകൂടി നാം കണക്കിലെടുക്കണം. ഉയർന്ന സാങ്കേതിക പഠനത്തിനു് കാളേജിലെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

പ്പോലെ ഹൈസ്കൂളുകളിൽ സൗകര്യം കിട്ടുകയില്ല. അതു് അപകടംപിടിച്ച ഒരു പരീക്ഷണം ആയിരുന്നു. അതുപോലെ ഒരു കൊല്ലത്തെ ഹയർ സെക്കണ്ടറി കോഴ്സിനു് 11–ാമത്തെ വർഷം ഹൈസ്കൂളിൽത്തന്നെയാകാം എന്നു വിചാരിച്ചാൽ അതു സംസ്ഥാനത്തെ ഇന്നത്തെ നിലയ്ക്കു തീരെ പ്രായോഗികമല്ല.

സർ, നമ്മുടെ സംസ്ഥാനത്തു് ഇപ്പോൾ 1008 ഹൈസ്കൂളുകൾ ഉണ്ടു്. ഏകദേശം ഒന്നേകാൽ ലക്ഷം വിദ്യാർത്ഥികൾ സ്കൂൾഫൈനൽ ക്ലാസ്സിൽ പഠിക്കുകയാണു്. നിലവിലുള്ള 10–ാ സ്റ്റാൻഡേർഡിൽ നിന്നും ഒന്നുകൂടി കൂട്ടി പതിനൊന്നാം സ്റ്റാൻഡേർഡായി നിശ്ചയിക്കുകയാണെങ്കിൽ മേൽപറഞ്ഞ 1008 ഹൈസ്കൂളുകളിൽമാത്രം ഇന്നത്തെ നിലയിൽ വച്ചുകൊണ്ടു് അദ്ധ്യയനം നടത്താൻ സാദ്ധ്യമല്ല. എന്നാൽ ഈ സ്കൂളുകളെയെല്ലാംകൂടി ഹയർ സെക്കണ്ടറി യായി മാറ്റാമെന്നു വിചാരിച്ചാൽത്തന്നെയും ഒരു സ്കൂളിനുവേണ്ടിയുള്ള സ്ഥല സൗകര്യത്തിനായി 50,000 രൂപയും, അപ്പാരറ്റസിനുവേണ്ടി വേറെ ഒരു 50,000 രൂപയും ചെലവാക്കേണ്ടതുണ്ടു്. അങ്ങനെ നോക്കുമ്പോൾ 1008 സ്കൂളിനു 1008 ലക്ഷം രൂപ അതായതു് പത്തുകോടി എട്ടുലക്ഷം രൂപവരെ ചെലവാകുമ്പോൾ കേന്ദ്രഗവണ്മെന്റു് ഈ ചെലവനുസരിച്ചുള്ള സഹായധനം നൽകാൻ തയ്യാറാകുകയില്ല. ഉള്ളതുതന്നെ ഈ വർഷംകൊണ്ടു് അവസാനിക്കുകയുമാണു്. ഈ കാരണങ്ങളാൽ എല്ലാ ഹൈസ്കൂളുകളും ഹയർ സെക്കണ്ടറിയാക്കുന്ന പ്രശ്നം കൈകാര്യം ചെയ്യാൽ എത്രത്തോളം സാമ്പത്തിക പരാധീനത ഉണ്ടാകുമെന്നുള്ളതു് നമുക്കു് ഊഹിക്കാവുന്നതാണു്. മാത്രമല്ല, ഹയർ സെക്കണ്ടറി സ്കൂളുകൾ ഉണ്ടാക്കി പരീക്ഷണം നടത്തിയ സംസ്ഥാനങ്ങളുടെ അനുഭവം അവ വിജയകരമല്ലെന്നുമാണു്. സാമ്പത്തികമായ ഈ വൈഷമ്യങ്ങൾക്കു പുറമേ സാങ്കേതികമായ മറ്റു ബുദ്ധിമുട്ടുകൾകൂടിയുണ്ടു്. പത്താംക്ലാസ്സു് കഴിഞ്ഞു പതിനൊന്നാംക്ലാസ്സുകൂടി ഏർപ്പെടുത്തിയാൽത്തന്നെയും അദ്ധ്യാപന രീതിക്കു് മാറ്റം സംഭവിക്കുകയുമില്ല. ഈ കാര്യം ഒരു അദ്ധ്യാപകനുംകൂടിയായിരുന്ന ബഹുമാനപ്പെട്ട മെമ്പർക്കും മനസ്സിലാക്കാൻ സാധിക്കുന്നതാണു്. അപ്പോൾ സയൻസും മറ്റും പഠിപ്പിക്കുന്നതു് നിലവിലുള്ള അന്തരീക്ഷത്തിൽത്തന്നെയായിരിക്കുകയും ചെയ്യും. ഇപ്പോഴുള്ള ഹൈസ്കൂളുകളിൽത്തന്നെ മതിയായ യോഗ്യതയുള്ള സയൻസു് അദ്ധ്യാപകരില്ലാതെയാണിരിക്കുന്നതു്. എന്നിട്ടും പഠിപ്പിക്കുന്നില്ലേ. പഠിപ്പിക്കുന്നുണ്ടു്. സീനിയർ അദ്ധ്യാപകരാണു് സ്കൂൾഫൈനൽ ക്ലാസ്സുകളിൽ സയൻസു പഠിപ്പിക്കുന്നതു്. അവരിൽ മിക്കവരും ഇരുപതോ ഇരുപത്തഞ്ചോ കൊല്ലം മുമ്പു പഠിച്ച പഠിത്തംവച്ചുകൊണ്ടാണു് പഠിപ്പിക്കുന്നതും. അന്നത്തെ പഠിത്തവും ഇന്നത്തെ പഠിത്തവും തമ്മിൽ ശാസ്ത്രീയമായിത്തന്നെ അന്തരമുണ്ടു്. ശാസ്ത്ര പുരോഗതിയാൽ വികസിച്ചുകൊണ്ടിരിക്കുന്ന ഒരു അന്തരീക്ഷത്തിലാണു് ഇന്നു നാം ജീവിക്കുന്നതു്. കഴിഞ്ഞ 25 കൊല്ലങ്ങൾക്കിടയ്ക്കു സയൻസു വളരെ പുരോഗമിച്ചിട്ടുണ്ടു്. അതിന്റെ ഫലമായി വലിയവലിയ മാറ്റങ്ങളും വന്നിട്ടുണ്ടു്. എന്നാൽ ഇന്നാകട്ടെ വളരെയധികം കുട്ടികളും സ്കൂൾ അന്തരീക്ഷത്തിലും കോളേജു് അന്തരീക്ഷത്തിലും, പഠിക്കുന്നുമുണ്ടു്. ഹൈസ്കൂളുകളിൽ പതിനൊന്നാം ക്ലാസ്സു് ഏർപ്പെടുത്തുമ്പോൾ സയൻസിനെ സംബന്ധിച്ചിടത്തോളം തൃപ്തികരമായ ഒരു അദ്ധ്യാപന രീതി ആവിഷ്ക്കരിക്കാൻ സാദ്ധ്യമല്ല. നേരെമറിച്ചു്, പ്രീയൂണിവേഴ്സിറ്റി ഘട്ടത്തിലാണു് ഈ ഒരു വർഷം കൂട്ടുന്നതെങ്കിൽ അപ്പോൾ പഠിപ്പിക്കുന്നതു് എം. എസ്സു്. സി. ക്ലാസ്സോടുകൂടി പാസ്സായ അദ്ധ്യാപകരാണു്. ആധുനിക രീതിയിൽ പഠിപ്പിക്കാനുള്ള പാണ്ഡിത്യവും അവർക്കുണ്ടു്. അദ്ധ്യയന രീതിക്കു് ഇപ്രകാരം ഒരു വലിയ മാറ്റം വരുത്തുന്നതുകൊണ്ടു് പത്രണ്ടാം കൊല്ലത്തിന്റെ അവസാനം പ്രീയൂണിവേഴ്സിറ്റി കോഴ്സു് അവസാനിക്കുമ്പോൾ പഴയ ഇന്റർമീഡിയറ്റു് സ്റ്റാന്റാർഡു് ഉണ്ടായിരിക്കണമെന്നാണു് ഡൽഹിയിൽവച്ചുനടന്ന കാൺഫറൻസിന്റെ നിഗമനം. നമ്മുടെ സംസ്ഥാനത്തു് ഇപ്പോഴുതന്നെ 47 കാളേജുകളാണുള്ളതു്. അവയോടു് അനുബന്ധിച്ചു് ഇതാനും പുതിയകാളേജുകൾകൂടി തുടങ്ങിക്കൊണ്ടു് പ്രീയൂണിവേഴ്സിറ്റിക്കു്

LIBRARY ARCHIVES Kerala Legislative Assembly

ഒരു കൊല്ലംകൂടി നീട്ടാവുന്നതാണു്. അപ്പോഴും സയൻസും ഹ്യൂമാനിറ്റീസും മാത്രമല്ല, സെക്രട്ടേറിയൽ പ്രാക്ടീസ്, ബിസിനസ് മാനേജ്മെൻറ് തുടങ്ങിയ കോഴ്സുകളും തുടങ്ങാവുന്നതാണു്. ഇങ്ങനെയുള്ള കോഴ്സുകളും പൂർത്തിയാകുന്നതോടുകൂടി ഒരു വിഭാഗം വിദ്യാർത്ഥികളും ഉദ്യോഗാർത്ഥികളായി മാറിക്കൊള്ളും. ബാക്കിയുള്ളവർ മാത്രമെ ഡിഗ്രികോഴ്സിനുവേണ്ടി അവശേഷിക്കുകയുള്ളു. ഈ കാര്യങ്ങളൊക്കെ എല്ലാ യൂണിവേഴ്സിറ്റി അധികൃതരും മറ്റു ബന്ധപ്പെട്ടവരുമായി ആലോചിച്ചുകൊണ്ടിരിക്കുകയുമാണു്.

ഇന്നു നമ്മുടെ സംസ്ഥാനത്തുള്ള പല കാളേജുകളും മുന്നോട്ടു പോകുന്നതു തന്നെ പ്രീയൂണിവേഴ്സിറ്റി കോഴ്സ് കൂടിയുള്ളതുകൊണ്ടാണു്. ആ നിലയ്ക്കു അതു് എടുത്തുകളയുന്നതു് ബുദ്ധിപൂർവ്വമാണോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. പല കാളേജുകളും പ്രീയൂണിവേഴ്സിറ്റി കോഴ്സുകൂടി നടത്താൻ തുടങ്ങിയിട്ടു ഗവണ്മെൻറിനു് ഗ്രാൻറു് ഇനത്തിൽ ഒരു വലിയ തുകയാണു് കൊടുക്കേണ്ടിവരുന്നതു്. അങ്ങിനെയിരിക്കെ പ്രീയൂണിവേഴ്സിറ്റി കോഴ്സ് നിറുത്തുകയാണെങ്കിലോ അല്ലെങ്കിൽ ഹയർ സെക്കണ്ടറി ആക്കുകയാണെങ്കിലോ ഇന്നത്തെ ഗ്രാൻറിൻെറ നാലിരട്ടി തുകയാണു് കൊടുക്കേണ്ടിവരുന്നതു്. അതായതു് ഗ്രാൻറുതന്നെ ഏകദേശം ഒരു കോടി രൂപയോളം വേണ്ടിവരുന്നതാണു്.

മറെറാരുകാര്യം പറയാനുള്ളതു് ക്രാഫ്റ്റു ടീച്ചിംഗിനെ സംബന്ധിച്ചാണു്. തൊഴിൽ ഓറിയൻേറഷൻ എന്നും മറ്റും പറഞ്ഞുകൊണ്ടു് സ്കൂളുകളിൽ ക്രാഫ്റ്റു ടീച്ചിംഗ് നടത്തുന്നതുകൊണ്ടു് വലിയ പ്രയോജനമുണ്ടാകുമോ എന്നെനിക്കു തോന്നുന്നില്ല. ഇതിനകം വളരെയധികം കുട്ടികളെ ക്രാഫ്റ്റു പഠിപ്പിച്ചിട്ടുണ്ടു്. അവരിൽ ഒരാളെപോലും ക്രാഫ്റ്റു് ഒരു ജീവിതമാർഗ്ഗമായി അംഗീകരിച്ചിട്ടില്ല. അങ്ങനെ നമ്മുടെ വിദ്യാഭ്യാസരംഗത്തു് കഴിഞ്ഞ കാലത്തുണ്ടായ പല കുറവുകളും പരിഹരിച്ചുകൊണ്ടു് ഒരു പുതിയ സമീപനരീതിയാണു് കൈക്കൊള്ളാൻ പോകുന്നതെങ്കിലും, അതു സംബന്ധിച്ചുള്ള ഒരു അവസാന തീരുമാനം ഇനിയും എടുത്തിട്ടില്ലെന്നു മാത്രമെ എനിക്കു് ഇപ്പോഴും പറയാൻ സാധിക്കുകയുള്ളു.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : സെക്കണ്ടറി സ്കൂളുകളിൽ നിന്നും പുറത്തുവരുന്ന വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് സ്റ്റാൻഡാർഡിൻെറ നിലവാരം താഴ്ന്നുപോകുന്നതുകൊണ്ടാണു് അദ്ധ്യയനവർഷത്തിൻെറ കാലയളവു കൂട്ടുന്നതു്. ഒൻപതും, പത്തും സ്റ്റാൻഡാർഡുകളിൽ ഇംഗ്ലീഷ് ഐച്ഛികമെടുത്തു പഠിച്ചാൽ കുട്ടികളുടെ സ്റ്റാൻഡാഡു് കൂടുമെന്നുള്ളതിനു സംശയമില്ല. എന്തായാലും ഈ കാര്യങ്ങളെല്ലാംകൂടി പൊതുവെ ഒന്നു ചർച്ചചെയ്യുന്നതിനുള്ള അവസരം ഈ നിയമസഭയ്ക്കു നൽകാനുംകൂടി ദയവുണ്ടാകുമോ ?

ശ്രീ. ആർ ശങ്കർ : മുമ്പുണ്ടായിരുന്ന അദ്ധ്യയനരീതിപോലെ എല്ലാ വിഷയങ്ങളും ഇംഗ്ലീഷിൽതന്നെ ഏഴുമുതൽ പത്തുവരെ ക്ലാസ്സുകളിൽ പഠിക്കുകയും അങ്ങനെ ഇംഗ്ലീഷിൻെറ സ്റ്റാൻഡാർഡു് ഉയർത്തുകയും ചെയ്യേണ്ടതാണെന്നുള്ള അഭിപ്രായങ്ങളുണ്ടെന്നറിയുന്നു. എല്ലാ യൂണിവേഴ്സിറ്റി അധികൃതരുംകൂടി ആലോചിച്ചു് ഒരു തീരുമാനമെടുക്കുന്നതാണു്. ആ അവസരത്തിൽ നമുക്കും അഭിപ്രായങ്ങളും കൈമാറാവുന്നതാണു്.

ശ്രീ. സി. അച്യുതമേനോൻ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം യോജിക്കുന്ന ഭാഗങ്ങളുമുണ്ടു്. എന്തായാലും ഈ കാര്യത്തെസംബന്ധിച്ചു് അവസാനതീരുമാനമെടുത്തിട്ടില്ല എന്നു പറയുന്ന സ്ഥിതിക്കു് വിവിധ തരത്തിലുള്ള ചിന്താഗതികളും ഉൾകൊള്ളുന്ന ഈ സഭയ്ക്കു ഇതുസംബന്ധിച്ചു ഒരു ചർച്ചയിൽ പങ്കുകൊണ്ടു സംസാരിക്കാനുള്ള അവസരംകൂടി നൽകേണ്ടതാണെന്നു എനിക്കു് അഭിപ്രായമുണ്ടു്. മിക്കവാറും ഈ സെഷൻ കഴിഞ്ഞു് ഏതെങ്കിലും ഒരവസരം സൃഷ്ടിച്ചാലും മതിയാകുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : ഈ സെഷൻ കഴിഞ്ഞ ഉടനെതന്നെ ഇതിലേക്ക വേണ്ടി ഒരു സന്ദർഭം ഉണ്ടാക്കാൻ സാധിക്കും എന്ന എനിക്ക തോന്നുന്നില്ല. പക്ഷേ, കഴിവുള്ളിടത്തോളം വിവിധ തരത്തിലുള്ള അഭിപ്രായഗതികളെ പ്പറ്റി പരിഗണിക്കാൻ സാധിക്കുമെന്ന മാത്രമെ പറയാൻ നിവൃത്തിയുള്ള.

ശ്രീ. കെ. കൃഷ്ണപിള്ള: വിദ്യാഭ്യാസമന്ത്രിയുടെ ഡൽഹികോൺഫറൻസ് നടന്നശേഷം, വിദ്യാഭ്യാസരംഗത്തു് ഒരു മാറ്റം വരുത്താൻ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അങ്ങനെ വരുത്തുന്ന മാറ്റം കുറെ കഴിയുമ്പോഴേക്കും മാറ്റിക്കൊണ്ടു് മറ്റൊരു മാറ്റം വരുത്താതിരിക്കാൻവേണ്ടി ബന്ധപ്പെട്ട എല്ലാ വ്യക്തികളുമായി ഇതുസംബന്ധിച്ചു് ചർച്ച നടത്തിയതിനുശേഷം മാത്രമെ തീരുമാനം എടുക്കുകയുള്ള എന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു് ഈ സഭയിൽ ഒരു ഉറപ്പു നൽകാൻ സാധിക്കുമോ ?

ശ്രീ. ആർ. ശങ്കർ : നമ്മുടെ വിദ്യാഭ്യാസ നിലവാരം താഴ്ന്നുപോകരുതെന്നുള്ള ഉദ്ദേശത്തോടുകൂടി നിങ്ങളുടെയെല്ലാം ആത്മാർത്ഥമായ പരിശ്രമങ്ങളേയും ചിന്താഗതികളേയും കണക്കിലെടുത്തുകൊണ്ടു് ആ കാര്യത്തിനുവേണ്ടി വളരെ ഉത്സാഹപൂർവ്വം പ്രവർത്തിക്കാമെന്നുമാത്രമെ എനിക്കു് ഇപ്പോഴും പറയാൻ നിവൃത്തിയുള്ള.

ANNOUNCEMENT BY DEPUTY SPEAKER

Extension of Current Sitting.

Deputy Speaker: Order, Order. The current Meeting of the Assembly will be extended up to 29th November 1963. There will be no sitting on the 25th November 1963.

The House will now adjourn and meet again at 8 a.m. on Tuesday the 26th November 1963.

The Assembly adjourned at 12. 40 p. m. to meet again at 8 a. m. on Tuesday, the 26th November 1963.

LIBRARY ARCHIVES Kerala Legislative Assembly